# കെ.കെ മുഹമ്മദ് മദനി

**നാലരപതിറ്റാണ്ട്** മുമ്പാണ് കെ.കെ മുഹമ്മദ് മദനിയുമായി പരിചയപ്പെടുന്നത്. 1968-ൽ *ചന്ദ്രിക* ആഴ്ചപ്പതിപ്പിൽ എഴുതിത്തുടങ്ങിയ കാലത്ത് അതിന്റെ സ്ഥിരം ലേഖകരായിരുന്നു കെ.എം പന്നിക്കോട്ടൂരും കെ.കെ മുഹമ്മദ് മദനിയും. ഏതു സാധാരണക്കാരനും വായിച്ചു മനസ്സിലാക്കാൻ സാധിക്കുന്ന വളരെ ലളിതമായ ശൈലിയാണ് അദ്ദേഹത്തിന്റേത്. അതോടൊപ്പം ഒട്ടും മടുപ്പുളവാക്കാത്തതും. കേരള അറബിക് ടീച്ചേഴ്സ് ഫെഡറേഷന്റെ വേദിയിൽ വെച്ചാണ് അടുത്തിടപഴകാൻ അവസരം ലഭിച്ചത്. അക്കാലത്ത് മദനി സാഹിബ് പരപ്പനങ്ങാടിയിലെ ബി.ഇ.എം ഹൈസ്കൂളിലെ അറബി അധ്യാപകനായിരുന്നു. ഒപ്പം കെ.എ.ടി.എഫിന്റെ പ്രസിഡന്റും.

അറബിഭാഷയിൽ അഗാധമായ പാണ്ഡിത്യമുണ്ടായിരുന്ന മുഹമ്മദ് മദനി മിതഭാഷിയായിരുന്നു. പതുങ്ങിയ സ്വരത്തിൽ കാര്യമാത്ര പ്രസക്തമായത് മാത്രം പറയുന്ന വിനീതനായ പണ്ഡിതൻ. ഏറെക്കാലം സുഊദി അറേബ്യയിലെ ദമ്മാമിൽ ജോലി നോക്കിയ അദ്ദേഹം സംഘടനാപക്ഷപാതിത്വങ്ങൾക്ക് അതീതനായാണ് നിലകൊണ്ടത്. മുഹാജിദ് പ്രവർത്തകനായിട്ടും മുഹമ്മദ് ഖുത്ബിന്റെ *മഅ്റകതുത്തഖാലീദ്* വിവർത്തനം ചെയ്യാൻ അദ്ദേഹത്തിനൊട്ടും പ്രയാസമുണ്ടായില്ല. 'വിശ്വാസ സംഘട്ടനം' എന്ന തലക്കെട്ടിൽ *ചന്ദ്രിക* ആഴ്ചപ്പതിപ്പിൽ തുടർച്ചയായി പ്രസിദ്ധീകരിച്ച പ്രസ്തുത ഗ്രന്ഥം പിന്നീട് പുസ്തകമായി പുറത്തിറങ്ങി. 1939-ൽ മലപ്പുറം ജില്ലയിലെ കടലുണ്ടിയിൽ ജനിച്ചു. കുടുക്കിൽ കോയസ്സൻ മൗലവിയാണ് പിതാവ്. മാതാവ് നാലകത്ത് കളത്തിൽ ഖദീജയും. പ്രാഥമിക വിദ്യാഭ്യാസം തിരൂരങ്ങാടി യത്തീംഖാന സ്കൂളിലായിരുന്നു. പുളിക്കൽ മദീനത്തുൽ ഉലൂം അറബിക്കോളേജിൽ നിന്ന് അഫ്ദലുൽ ഉലമ ബിരുദം നേടി. പഠനകാലത്തുതന്നെ എഴുതിത്തുടങ്ങി. ആദ്യകാലത്ത് വിവർത്തനത്തിലായിരുന്നു ശ്രദ്ധ കേന്ദ്രീകരിച്ചിരുന്നത്. അറബിയിൽ നിന്ന് ലേഖനങ്ങളും കഥകളും നോവലുകളും പരിഭാഷപ്പെടുത്തി.

വിവർത്തനങ്ങളുൾപ്പെടെ പതിനഞ്ചോളം കൃതികളുടെ കർത്താവാണ്.



അദ്ദേഹത്തിന്റെ ഏറ്റവും വലിയ സംഭാവന സ്വഹാബികളെ സംബന്ധിച്ച പുസ്തകമാണ്. അതിപ്പോൾ ഐ.പി.എച്ചാണ് പ്രസിദ്ധീകരിച്ചുകൊണ്ടിരിക്കുന്നത്. കൂടാതെ 'സ്വഹാബി വനിതകൾ,' 'ഖുർആനിലെ കഥാപാഠങ്ങൾ,' 'പ്രവാചകന്മാർ ഖുർആനിൽ,' 'നാല് ഇമാമുകൾ,' 'താബിഈകളുടെ ചരിത്ര കഥകൾ,' 'കർബലയുടെ കണ്ണീർ കണങ്ങൾ,' 'ഹദീസ് കഥകൾ,' 'മുസ്‌ലിം ഭരണം സ്പെയിനിലും സിസിലിയിലും' തുടങ്ങിയ കൃതികൾ രചിച്ചിട്ടുണ്ട്. *അമീർ ഹജ്ജാജ്*, *ചോര പുരണ്ട കഠാരി*, *വിധിയുടെ ബലിയാടുകൾ* എന്നിവ അദ്ദേഹത്തിന്റെ ചരിത്ര നോവലുകളാണ്. 'അലക്സാണ്ട്രിയയിലെ ക്ഷുരകൻ' അദ്ദേഹത്തിന്റെ ബാലസാഹിത്യ കൃതിയാണ്. *ഇസ്‌ലാംമത തത്ത്വങ്ങൾ*, *വിശ്വാസ സംഘട്ടനം*, *ജകാർത്തയിലെ കന്യക*, *ഹംസയുടെ ഘാതകൻ* എന്നിവ വിവർത്തന ഗ്രന്ഥങ്ങളും.

അബൂദബി മുസ്‌ലിം റൈറ്റേഴ്സ് ഫോറത്തിന്റെയും കുവൈത്ത് കേരള മുസ്‌ലിം കൾച്ചർ സെന്ററിന്റെയും തിരുവനന്തപുരം മുസ്‌ലിം അസോസിയേഷന്റെയും അവാർഡുകൾ ലഭിച്ചിട്ടുണ്ട്.

**ശൈഖ് മുഹമ്മദ് കാരകുന്ന്**

# നസീമ



**ഒന്നര** പതിറ്റാണ്ടിലേറെ കാലം ജമാഅത്തെ ഇസ്‌ലാമി, തിരുവനന്തപുരം ജില്ലയിലെ നെടുമങ്ങാട് ഏരിയയുടെ കൺവീനറായും ജില്ലാ സമിതിയംഗമായും പ്രവർത്തിച്ച സഹോദരിയായിരുന്നു നസീമ.

ഒരു കുഗ്രാമത്തിലെ യാഥാസ്ഥിതിക കുടുംബത്തിൽ നിന്ന് തിരുവനന്തപുരത്തെ അഴിക്കോടെന്ന പ്രദേശത്തേക്ക് നസീമയെ വിവാഹം ചെയ്തു കൊണ്ടുവരുമ്പോൾ പത്താംക്ലാസ് വരെ മാത്രമേ പഠിച്ചിരുന്നുള്ളൂ. എങ്കിലും തന്റെ ഇച്ഛാശക്തി കൊണ്ട് മറ്റാരെക്കാളും ഉയർന്നു പഠിക്കാനും പ്രവർത്തിക്കാനും കഴിഞ്ഞു. ഗൗരവം വിടാതെ, പ്രായത്തിലും കവിഞ്ഞ പക്വതയോടെ കാര്യങ്ങൾ അന്വേഷിച്ചു പഠിക്കുന്നതിലും യോഗങ്ങളിൽ തന്റെ അഭിപ്രായം തുറന്നുപറയുന്നതിലും തിന്മക്കെതിരെ മുഖം നോക്കാതെ പ്രതികരിക്കുന്നതിലും യാതൊരു കുറവും വരുത്തിയില്ല. കണ്ടുമുട്ടിയാൽ പിരിയുന്നതുവരെ പ്രസ്ഥാനവും പ്രവർത്തകരുടെ തർബിയത്തുമായിരുന്നു സംസാര വിഷയം.

അഗതികൾക്കും അനാഥകൾക്കും അത്താണിയായിരുന്നു അവരുടെ വീട്. അനാഥരായ കുടുംബത്തെ മാസങ്ങളോളം വീട്ടിൽ താമസിപ്പിക്കുന്നതിലും ഇസ്‌ലാം സ്വീകരിച്ച വിദ്യാർഥിനിയെ വീട്ടിൽ നിർത്തി പഠിപ്പിച്ചതിലും ആനന്ദം കണ്ടെത്തിയ അവർ സ്വന്തം മക്കളോളം അവരെയും സ്നേഹിച്ചു. ഐ.അർ.ഡബ്ലിയുവിൽ അംഗമായിരുന്ന നസീമ പ്രദേശത്തും കുടുംബക്കാർക്കിടയിലും ധാരാളം സേവനപ്രവർത്തനങ്ങൾ നടത്തിയിരുന്നു. ഏരിയയിൽ പ്രവർത്തിക്കുന്ന ഐ.ഇ.സിയിലെ വനിതാ ഇസ്‌ലാമിയ കോളേജിന്റെ പ്രവർത്തനങ്ങളിലും ജി.ഐ.ഒ ക്യാമ്പുകളിലും നിറസാന്നിധ്യമായിരുന്നു. 50 വയസ്സുള്ള നസീമ 8 സഹോദരങ്ങളിൽ ഏറ്റവും ഇളയവളാണ്. ഭർത്താവ് പി. അസനാരുപിള്ള, പ്രാദേശിക ജമാഅത്ത് അമീറാണ്. മക്കൾ ഷെമീന, ഷഹന ഹസീന എന്നിവർ ജി.ഐ.ഒ പ്രവർത്തകരും മകൻ ഹസൻ നസീഫ് എസ്.ഐ.ഒ ജില്ലാ സെക്രട്ടറിയുമാണ്.

**ശുമൈസ, അഴീക്കോട്**

*അല്ലാഹുവേ, പരേതരെ മഗ്ഫിറത്തും മർഹമത്തും നൽകി അനുഗ്രഹിക്കേണമേ - ആമീൻ*